# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI YEAR OF OUR LORD JESUS CHRIST, 2025 MAY No. 07


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**യെശയ്യാവ് 56:1 – 5**

01. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ രക്ഷ വരുവാനും എന്റെ നീതി വെളിപ്പെടുവാനും അടുത്തിരിക്കയാൽ ന്യായം പ്രമാണിച്ചു നീതി പ്രവർത്തിപ്പിൻ.

02. ശബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ചു ദോഷം ചെയ്യാതവണ്ണം തന്റെ കൈ സൂക്ഷിച്ചും കൊണ്ടു ഇതു ചെയ്യുന്ന മർത്യനും ഇതു മുറുകെ പിടിക്കുന്ന മനുഷ്യനും ഭാഗ്യവാൻ.

03. യഹോവയോടു ചേർന്നിട്ടുള്ള അന്യജാതിക്കാരൻ യഹോവ എന്നെ തന്റെ ജനത്തിൽനിന്നു അശേഷം വേർപെടുത്തും എന്നു പറയരുതു; ഷണ്ഡനും: ഞാൻ ഒരു ഉണങ്ങിയ വൃക്ഷം എന്നു പറയരുതു.

04. എന്റെ ശബ്ബത്തു ആചരിക്കയും എനിക്കു ഇഷ്ടമുള്ളതു തിരഞ്ഞെടുക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്യുന്ന ഷണ്ഡന്മാരോടു യഹോവയായ ഞാൻ ഇപ്രകാരം പറയുന്നു:

05. ഞാൻ അവർക്കു എന്റെ ആലയത്തിലും എന്റെ മതിലകങ്ങളിലും പുത്രീപുത്രന്മാരെക്കാൾ വിശേഷമായോരു ജ്ഞാപകവും നാമവും കൊടുക്കും; ഛേദിക്കപ്പെടാത്ത ഒരു ശാശ്വതനാമം തന്നേ ഞാൻ അവർക്കു കൊടുക്കും.

# വെല്ലുവിളികൾ നേരിടാൻ നിങ്ങൾ ശക്തരെങ്കിൽ, ശ്രദ്ധിക്കുക!

*സഹോ. ഏഞ്ചൽ*

**IF YOU ARE STRONG ENOUGH TO FACE CHALLENGES, BE CAREFUL!**



**വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ എല്ലാ കുടുംബാംഗങ്ങൾക്കും ആശംസകൾ!

നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും.

അടുത്തിടെ, എന്റെ പാസ്പോർട്ട് നഷ്ടപ്പെട്ടു. ഞാൻ എല്ലായിടത്തും തിരഞ്ഞു എങ്കിലും കണ്ടെത്താനായില്ല. അത് എന്നെ ഭ്രാന്തിന്റെ അവസ്ഥയിൽ ആക്കി. അത് എവിടെയാണ് വെച്ചത് എന്ന് അറിയാമായിരുന്നതിനാൽ അത് വീണ്ടെടുക്കാൻ പോയപ്പോൾ അത് കണ്ടില്ല. ഞാൻ എല്ലാ മുക്കിലും മൂലയിലും ഉത്കണ്ഠയോടെ തിരഞ്ഞു. നഷ്ടപ്പെട്ട പാസ്പോർട്ട് എന്റെ ചിന്തകളെ കീഴടക്കി. ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും മറ്റൊന്നിലും എനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. അതിലും പ്രധാനമായി അത് എനിക്കു അടിയന്തിരമായി ആവശ്യവുമായിരുന്നു. പുതിയതിന് അപേക്ഷിക്കാൻ എനിക്കു സമയമില്ലായിരുന്നു, നഷ്ടപ്പെട്ടതിനെ വീണ്ടും തിരഞ്ഞുകൊണ്ടിരുന്നു.

ഞാൻ ഭ്രാന്തമായി എന്റെ വീട് തിരഞ്ഞപ്പോൾ, ലൂക്കൊസ് 15-ലെ **നഷ്ടപ്പെട്ട ആടിന്റെയും, നഷ്ടപ്പെട്ട നാണയത്തിന്റെയും നഷ്ടപ്പെട്ട മകന്റെയും** ഉപമകൾ ഓർമ്മ വന്നു. നഷ്ടപ്പെട്ട ആടിനെക്കുറിച്ച് വായിക്കുമ്പോഴെല്ലാം എന്നെ അത്ഭുതപ്പെട്ട കാര്യം, തൊണ്ണൂറ്റിഒൻപതു ആടുകളെ ഉപേക്ഷിച്ചത് എന്തുകൊണ്ട്?

4-ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**


Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## *from your dearly beloved brother...*





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.

EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.

GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.

ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858

E.MAIL
sam@echoofhiscall.org
biblecor@yahoo.co.in

WEBSITES
www.echoofhiscall.org
www.stpaulsmatriculation.org

YOUTUBE CHANNEL
Echo of His Call

> നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മതിക്കയില്ല – സങ്കീർത്തനങ്ങൾ 55:22

യേശുക്രിസ്തുവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും ആശംസകൾ അർപ്പിക്കുന്നു.

**വിളിയുടെ പ്രതിധ്വനി**യുടെ കഴിഞ്ഞ ലക്കത്തിലൂടെ നിങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളുടെ പ്രതികരണത്തിനായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളും പിന്തുണയും ഞങ്ങൾക്ക് വളരെ പ്രധാനമാണ്. അവ ഞങ്ങൾ തുടർന്നും ഞങ്ങൾ തേടുന്നു. ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

ദൈവത്തിന്റെ സമൃദ്ധമായ കൃപയാൽ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** കാമ്പസിൽ വച്ച് ദൈവകൃപയാൽ യൂത്ത് ക്യാമ്പ്, തുറന്ന പരസ്യയോഗം, കുട്ടികളുടെ ശുശ്രൂഷ,



***സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ ക്യാമ്പസിൽ വച്ചുള്ള യുവജന ക്യാമ്പ്***

ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകൾ തുടങ്ങി അനേകം ശുശ്രൂഷാ പരിപാടികളും ഞങ്ങളുടെ സ്കൂളിന്റെ വാർഷികാഘോഷ ചടങ്ങും വിജയകരമായി നടത്തപ്പെട്ടു. കിന്റർഗാർട്ടൻ വിദ്യാർത്ഥികൾക്കുള്ള ബിരുദദാന ദിനവും സ്കൂൾ വാർഷിക ദിനവും യഥാക്രമം ഏപ്രിൽ 11, ഏപ്രിൽ 17 തീയതികളിൽ നടന്നു. ഈ ഒത്തുചേരലുകളിലുടനീളം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും മാർഗനിർദ്ദേശവും ശക്തമായി പ്രകടമായിരുന്നു.




***തുറന്ന പരസ്യ യോഗത്തിൽ പാസ്റ്റർ എസ്. സാം സെൽവരാജ് സംസാരിക്കുന്നു.***

വേളാച്ചേരിയിലെ **നെഹെമ്യ ബൈബിൾ കോളേജ്** കാമ്പസിൽ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകളും കുട്ടികൾക്കായുള്ള ശുശ്രൂഷകളും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഒരു വർഷത്തെ ഡിപ്ലോമ ഇൻ തിയോളജി പ്രോഗ്രാം 2025 ജൂൺ 2 ന് ആരംഭിക്കുമെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. താഴെ പറയുന്നവയിൽ നിന്നും തിരഞ്ഞെടുക്കാൻ അവസരമുണ്ട്.

### (എ) റെസിഡൻഷ്യൽ (ഹിന്ദി മീഡിയം) - വേളാച്ചേരി ക്യാമ്പസ്

തങ്ങളുടെ സ്വന്തം പ്രദേശത്തിൽ ദൈവത്തെ സേവിക്കുവാൻ തയ്യാറുള്ള യോഗ്യതയുള്ള പുരുഷന്മാർക്ക് പ്രവേശനം ലഭ്യമാണ്. അർഹരായ വിദ്യാർത്ഥികൾക്ക് സ്പോൺസർഷിപ്പ് ലഭ്യമാണ്.

**(ബി) സായാഹ്ന ബൈബിൾ കോളേജ് (തമിഴ് മീഡിയം - നോൺ റെസിഡൻഷ്യൽ)**

ക്ലാസ്സുകൾ തിങ്കൾ, ചൊവ്വ, വ്യാഴം ദിനങ്ങളിൽ വൈകുന്നേരം 6.30 മുതൽ രാത്രി 8.30 വരെ.

**സ്ഥലങ്ങൾ : നെഹെമ്യ ബൈബിൾ കോളേജുകൾ**, ചെപ്പോക്ക്, സന്തോഷപുരം.

കൂടാതെ, 2025–2026 അദ്ധ്യയനവർഷം മുതൽ വേളാച്ചേരിയിൽ തമിഴ് സായാഹ്ന കോഴ്സുകൾ ആരംഭിക്കും.

ഈ ക്രിസ്തീയ വിദ്യാഭ്യാസ പരിപാടികൾക്കായി നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. അർഹരായ വിദ്യാർത്ഥികളെ പരിചയപ്പെടുത്താൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

**വിളിയുടെ പ്രതിധ്വനിയുടെ ഡിജിറ്റലൈസേഷൻ:**

2026 മുതൽ, ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം പുതുക്കിയ ഉയർന്ന തപാൽ നിരക്കുകൾ ഞങ്ങൾ വഹിക്കേണ്ടിവരുമെന്നതിനാൽ വിളിയുടെ പ്രതിധ്വനി മാസിക ഡിജിറ്റൽ രീതിയിലേക്ക് മാറ്റാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ സാമ്പത്തികശേഷിക്ക് അപ്പുറമാണ് ഈ പദ്ധതി. അച്ചടി ചെലവുകളും അനുബന്ധസാധനങ്ങളുടെയും വിലയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക പരിമിതികൾ കാരണം, ഈ ചെലവുകൾ വഹിക്കാൻ ഞങ്ങൾ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

താല്പര്യമുള്ള എല്ലാ വായനക്കാർക്കും മാസിക കൃത്യസമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സോഷ്യൽ മീഡിയ, ഇമെയിൽ, വാട്ട്സ്ആപ്പ്, പ്രത്യേക പോസ്റ്റ്, കൊറിയർ സേവനങ്ങൾ എന്നിവ വഴി ഞങ്ങൾ അത് വിതരണം ചെയ്യും.

**ഈ മാറ്റം സുഗമമാക്കാൻ ദയവായി താഴെ പറയുന്ന വിശദാംശങ്ങൾ നൽകാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.**

1. നിങ്ങളുടെ പൂർണ്ണവും കൃത്യവുമായ വിലാസം.
2. നിങ്ങളുടെ ശരിയായ ഫോൺ നമ്പറും വാട്ട്സ്ആപ്പ് നമ്പറും.
3. നിങ്ങളുടെ സാധുവായ ഇമെയിൽ വിലാസം (ഉണ്ടെങ്കിൽ).

ഈ വിശദാംശങ്ങൾ ശരിയായി സമർപ്പിച്ചിട്ടുണ്ടെന്ന് ദയവായി ഉറപ്പാക്കുക. അല്ലാത്തപക്ഷം, നിങ്ങൾക്കു ഭാവി പതിപ്പുകൾ ലഭിച്ചേക്കില്ല. വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുമായി പതിവായി ആശയ വിനിമയം നടത്തുന്ന വായനക്കാർക്ക് ഈ അപ്ഡേറ്റ് ബാധകമല്ല. ഞങ്ങളുടെ ബഹുമാനപ്പെട്ട ബന്ധം തുടരാനും നിലനിർത്താനും ഞങ്ങൾ ആഗ്രഹിക്കുന്നു.

**വിളിയുടെ പ്രതിധ്വനിയുടെ പ്രാർത്ഥനാ അഭ്യർത്ഥനകൾ:**

താഴെ പറയുന്ന ശുശ്രൂഷകൾക്കായി ഞങ്ങൾ നിങ്ങളുടെ പ്രാർത്ഥനകൾ ആത്മാർത്ഥമായി തേടുന്നു.

ജോഷ്വ വാരിയേഴ്സ് ഇന്റർനാഷണൽ.

1. ഒരു മിനിറ്റ് പ്രാർത്ഥനാ സംരംഭം (യുവാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആഗോള ദർശനം) രാത്രി പത്തു മണിക്ക്.
2. ഒരു മണിക്കൂർ ചെയിൻ പ്രാർത്ഥന - ലോക സഭകൾക്കും വിശ്വാസികൾക്കുംവേണ്ടി സമർപ്പിക്കപ്പെട്ടത്.
3. സെമിനാറുകൾ, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ - ഫലപ്രദവും ആത്മാവിനാൽ നയിക്കപ്പെടുന്നതുമായിരിക്കുവാൻ.

ഞങ്ങളുടെ നിരവധി പങ്കാളികളും മിഷണറിമാരും ആഗോളതലത്തിൽ സേവനം ചെയ്യുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ സേവിക്കാനുള്ള ഈ ദൗത്യത്തിൽ ഞങ്ങളോടൊപ്പം ചേരാൻ ഞങ്ങൾ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**വെക്കേഷൻ ബൈബിൾ സ്കൂളുകൾ (വി.ബി.എസ്)–മെയ് 2025**

ഈ മാസം നമ്മുടെ പള്ളികളിലും മറ്റു പള്ളികളിലും നടക്കുന്ന വെക്കേഷൻ ബൈബിൾ സ്കൂളുകൾക്കായി ദയവായി പ്രാർത്ഥിക്കുവിൻ.

***ചെന്നൈയിലെ നമ്മുടെ പള്ളികളിലെ വി.ബി.എസ്. ഷെഡ്യൂൾ:***

1. സന്തോഷപുരം–ഏപ്രിൽ 25 മുതൽ മെയ് 1 വരെ
2. വേളാച്ചേരി–ഏപ്രിൽ 30 മുതൽ മെയ് 5 വരെ
3. ബാലാജി നഗർ, പള്ളിക്കരണൈ–ഏപ്രിൽ 30 മുതൽ മെയ് 5 വരെ
4. ചെപ്പോക്ക്–മെയ് 6 മുതൽ മെയ് 12 വരെ.

സഹോദരന്മാരേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ദൈവീക ശുശ്രൂഷയിൽ

*വിളിയുടെ പ്രതിധ്വനി സംഘം*

ഇമെയിൽ : sam@echoofhiscall.org


**URGENT NEED**

**Teachers for**

**ST. PAUL'S MATRICULATION SCHOOL**

An *Echo of His Call* Institution
Vijayanagaram, Medavakkam, Chennai - 100.

We need well qualified, experienced, dedicated hard working and mission oriented Christians.

Apply with Bio-data to
E.mail: sam@echoofhiscall.org
Whats App : (+91) 98412 72858


**വളരെ അടിയന്തിരമായ അറിയിപ്പ്!**




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**


**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

തൊണ്ണൂറ്റിഒൻപതിനെക്കുറിച്ച് ദൈവത്തിന് ആശങ്ക ഇല്ലേ? നഷ്ടപ്പെട്ട ഒരു ആട് വിലപ്പെട്ടതാണെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നിട്ടും, അവൻ തൊണ്ണൂറ്റിഒൻപതിനെ പിന്നിൽ ഉപേക്ഷിച്ചത് എന്തിനാണ്? നിങ്ങൾ എപ്പോഴെങ്കിലും അതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?

നിങ്ങൾ സമാനമായ സാഹചര്യത്തിലാണെങ്കിൽ തൊണ്ണൂറ്റിഒൻപതിനെ പിന്നിൽ ഉപേക്ഷിച്ച് ആ ഒരെണ്ണത്തിനെ അന്വേഷിക്കാൻ പോകുമോ? അവയെ ഉപേക്ഷിച്ചതു മരുഭൂമിയിലാണ്. അത് എന്നെ കൂടുതൽ കഠിനമായി ചിന്തിപ്പിച്ചു. അത് തൊഴുത്തിലോ മറ്റേതെങ്കിലും സുരക്ഷിതമായ സ്ഥലത്തോ ആയിരുന്നില്ല. വന്യമൃഗങ്ങളും മറ്റു അപകടങ്ങളും ഉള്ള സ്ഥലമായിരുന്നു. ആ ഒരെണ്ണത്തെ തിരയുന്നതിനിടയിൽ ആ തൊണ്ണൂറ്റിഒൻപതിനെയും നഷ്ടപ്പെടുമായിരുന്നു.

ഞാൻ ചിന്തിച്ച ഈ രീതിയിൽ മറ്റാരെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഒരു പക്ഷെ നഷ്ടപ്പെട്ട ആട് ചെറുപ്പവും കാര്യങ്ങൾ അറിയാൻ ആകാംക്ഷയുള്ളതും ജിജ്ഞാസയുള്ളതും ആയതിനാൽ വഴിതെറ്റിപ്പോയതും ആയിരിക്കാം. അല്ലെങ്കിൽ അത് മത്സരിയും അനുസരണക്കേട് ഉള്ളതും ഇടയന്റെ മാർഗ്ഗനിർദ്ദേശം അനുസരിക്കാതെ അലഞ്ഞുതിരിയുന്നതുമായിരിക്കാം.

കാരണം എന്തുതന്നെയായാലും, തൊണ്ണൂറ്റിഒൻപതിനെയും മരുഭൂമിയിൽ ഉപേക്ഷിച്ച് ആ ഒന്നിനെ പിന്തുടരാൻ ഇടയൻ തയ്യാറായിരുന്നു. ഈ ചിന്ത വളരെക്കാലമായി എന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഇടയൻ അങ്ങനെ ഒരു തിരഞ്ഞെടുപ്പ് നടത്തിയതിന് ഒരു കാരണമുണ്ടായിരിക്കണം.

## 99 – ലെ ഇടയന്റെ ആത്മവിശ്വാസം



### 1. ഐക്യത്തിന്റെ ശക്തി!

ആ 99 ആടുകളെയും തുറസ്സായ മരുഭൂമിയിൽ ഉപേക്ഷിച്ചുപോയത് അവരിൽ വലിയ ആത്മവിശ്വാസം ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം. ഇവർ പരസ്പരം പിന്തുണനൽകുന്നവരും ഐക്യത്തോടെ ഒരുമിച്ചു നിൽക്കുന്നവരും ആയിരിക്കും എന്തെങ്കിലും അപകടമുണ്ടായാൽപോലും അവർ ഒരുമിച്ച് ശക്തമായി നേരിടുന്നവർ ആയിരിക്കാം.



*ഐക്യത്തിന്റെ ശക്തി!*

ഇടയൻ അവയെ ഐക്യത്തിന്റെ ശക്തി ഉള്ളവരായിരിക്കാൻ പരിശീലിപ്പിച്ചിട്ടുണ്ടെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരു ആടിനെ ആക്രമിച്ചാൽ മറ്റു 98 ആടുകളും അതിന്റെ സഹായത്തിനായി ഓടിയെത്തി ശക്തമായി സംരക്ഷിക്കുകയും അചഞ്ചലമായി പ്രതിരോധിക്കുകയും ചെയ്യും. ഐക്യത്തിന് വളരെയധികം ശക്തിയുണ്ട്.

വഴിതെറ്റിപ്പോയ ആട് പൂർണ്ണമായും ഒറ്റയ്ക്കും, പ്രതിരോധിക്കാനോ പിന്തുണക്കാനോ ആരുമില്ലാത്തതുമാണ്. ബാഹ്യ ഭീഷണികൾ കാരണം മാത്രമല്ല, ഒറ്റപ്പെടലിന്റെ ഭാരം കാരണം അതിജീവനത്തിന്റെ സാദ്ധ്യതയും വളരെ കുറവാണ്. ഒറ്റയ്ക്കായിരിക്കുക എന്നത് അപകടകരമായ കാര്യമാണ്. അതുകൊണ്ടാണ് ഒരുമിച്ചു നിൽക്കുവാൻ വേദപുസ്തകം പ്രോത്സാഹിപ്പിക്കുന്നത്.

**ഭൂമിയിൽവെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും** (മത്തായി 18:19).

**രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു** (മത്തായി 18:20).

**ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു** (സങ്കീർത്തനങ്ങൾ 133:1).

ചിലപ്പോഴൊക്കെ, നമ്മുടെ മൂല്യങ്ങൾ പങ്കിടാത്ത, നമ്മെ വിലമതിക്കാത്ത, അല്ലെങ്കിൽ നമ്മെ ആത്മാർത്ഥമായി സ്നേഹിക്കാത്ത ആളുകളുടെ കൂടെയിരിക്കുന്നതിനേക്കാൾ നല്ലതാണ് ഒറ്റയ്ക്കിരിക്കുന്നത് എന്നു നമുക്ക് തോന്നിയേക്കാം. നമ്മുടെ ഏറ്റവും വേണ്ടപ്പെട്ട ആളുകൾ തന്നെ നമ്മെ വേദനിപ്പിക്കുകയോ ഒറ്റിക്കൊടുക്കുകയോ ചെയ്യുമ്പോൾ നാം വളരെയധികം വേദനിക്കുന്നു. ഇങ്ങനെ ചെയ്യുന്നത് ആരെയും വിശ്വസിക്കാതിരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

പ്രീയ സഹോദരീ സഹോദരന്മാരേ, നിങ്ങൾ ഇതുപോലെ എന്തെങ്കിലും അനുഭവിച്ചിട്ടുണ്ടെങ്കിലോ, അതിലൂടെ കടന്നുപോകുകയോ ആണെങ്കിൽ നിങ്ങളുടെ മുറിവുകൾ കർത്താവ് സുഖപ്പെടുത്തട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കുരിശിലേക്കുള്ള വഴിയിൽ യേശുക്രിസ്തു തന്നെ വിശ്വാസവഞ്ചന സഹിച്ചതിനാൽ അവൻ നിങ്ങളുടെ വേദനകളും സംശയങ്ങളും മടിയുമെല്ലാം മനസ്സിലാക്കാൻ കഴിവുള്ളവനാണ്.

ഈ ലോകത്തിലുള്ള ജനങ്ങളെ വിശ്വസിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. പലരും പള്ളിയിൽ പോകാൻ മടിക്കുന്നതിന്റെ കാരണം ഇതുതന്നെയാണെന്നുള്ളതാണ് ദുഃഖകരമായ സത്യം എന്നു പറയട്ടെ. അവിടെയുള്ള ജനങ്ങളെ നോക്കി നിങ്ങൾ പള്ളിയിൽ പോകാതിരിക്കുകയാണെങ്കിൽ, ഞാൻ നിങ്ങളോടു ആത്മാർത്ഥമായി പറയട്ടെ, നിങ്ങൾ ദയവായി പള്ളിയിൽ പോയി ആരാധിക്കൂ. ഇതു വെറും ഒരു നിർദ്ദേശമല്ല മറിച്ച്, ദൈവത്തിൽ നിന്നുള്ള കല്പനയാണ്:

**ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭാ യോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിന്നും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക** (എബ്രായർ 10:25).

സഭയിൽനിന്നു അകന്നു നിൽക്കരുത്. നാം അപൂർണ്ണരായ ആളുകളുടെ ഇടയിൽ അപൂർണ്ണമായ ലോകത്തിലാണ് ജീവിക്കുന്നത്, എന്നാൽ പൂർണ്ണതയുള്ളവനായ ദൈവം നമുക്ക് സ്നേഹിക്കാനുള്ള കൃപയും വിവേചിക്കാനുള്ള ജ്ഞാനവും നൽകും എന്ന് ഓർക്കുക. സഭ ഒരുമിച്ച് ഏകമനസ്സോടെ പ്രാർത്ഥിച്ചപ്പോൾ, ദൈവം അത്ഭുതകരമായി കാരാഗ്രഹത്തിന്റെ വാതിൽ പത്രോസിനുവേണ്ടി തുറന്നു എന്ന് പ്രവൃത്തികൾ 12-ൽ വിവരിക്കുന്നു. വിശ്വാസികൾ പ്രാർത്ഥനയിലും കൂട്ടായ്മയിലും ഒന്നിക്കുമ്പോൾ വലിയ ശക്തിയാണ് ഉണ്ടാകുക.



*പത്രോസിനുവേണ്ടി ദൈവം അത്ഭുതകരമായി കാരാഗ്രഹവാതിൽ തുറന്നു*

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മെയ് 19** ⇨ കുട്ടികൾക്കായുള്ള **വെക്കേഷൻ ബൈബിൾ സ്കൂൾ** ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

**മെയ് 20** ⇨ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാൻ പ്രതിബദ്ധതയുള്ള **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജുകൾ, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവക്കായി.

**മെയ് 21** ⇨ എല്ലാ വിവർത്തകർ, അസ്സോസിയേറ്റ് എഡിറ്റർമാർ, കോഡിനേറ്റർമാർ എന്നിവർക്കും കുടുംബങ്ങൾക്കുമായി.

**മെയ് 22** ⇨ മുഖ്യ സഭയിലെയും ശാഖാ സഭകളിലെയും എല്ലാ അംഗങ്ങൾക്കുമായി.

**മെയ് 23** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെയും മദ്ധ്യേ ക്രിസ്തീയ സംഘടകൾ ശക്തി പ്രാപിച്ചു കൊണ്ടിരിക്കുന്നതിനായി.

**മെയ് 24** ⇨ യുദ്ധഭീഷണിയുടെയും മറ്റു പ്രശ്നങ്ങളുടെയും മദ്ധ്യേ എല്ലാ രാഷ്ട്രങ്ങളുടെയും മേലുള്ള ദൈവീക കരുതലിനായി.

**മെയ് 25** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മെയ് 26** ⇨ നമ്മുടെ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള യുട്യൂബ് സന്ദേശങ്ങളിലൂടെ ഉയർന്നു വരുന്ന ശക്തമായ സാക്ഷ്യങ്ങൾക്കും വരിക്കാരുടെ വർദ്ധനക്കുമായി.

**മെയ് 27** ⇨ 2025 മാർച്ച് 3-ാം തീയതി **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** വച്ചു നടന്ന വിടുതൽ യോഗത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**മെയ് 28** ⇨ **ബൈബിൾകോർ (ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്) തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയുടെ വലിയ സ്വാധീനത്തിനായി.

**മെയ് 29** ⇨ ശുശ്രൂഷയുടെ എല്ലാ ആവശ്യങ്ങളും ദൈവം അത്ഭുതകരമായി നടത്തിത്തരുന്നു, അതിനായി.

**മെയ് 30** ⇨ സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള സ്ത്രീകളുടെ ശാക്തീകരണപ്രവർത്തനങ്ങൾക്കായി.

**മെയ് 31** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ ജീവനക്കാരെയും കുടുംബങ്ങളെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായി.

**ജൂൺ 01** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജിലെയും** 2025-26 വർഷത്തേക്കുള്ള വിദ്യാർത്ഥികളുടെ വിജയകരമായ പ്രവേശനത്തിനായി.

**ജൂൺ 02** ⇨ വേദശാസ്ത്ര സെമിനാറുകൾ തുടർച്ചയായി നടത്തുവാൻ ദൈവം കൃപ ചെയ്തതിനായി.

**ജൂൺ 03** ⇨ 1969 മുതലുള്ള ഞങ്ങളുടെ മാസിക ശുശ്രൂഷയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂൺ 04** ⇨ രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനും സാമ്പത്തിക വികസനത്തിനുമായി.

**ജൂൺ 05** ⇨ നമ്മുടെ ശുശ്രൂഷയുടെ എല്ലാ മുഖാന്തിരത്തിലൂടെയുമുള്ള വികസനത്തിനായി.

**ജൂൺ 06** ⇨ ക്രിസ്ത്യാനികൾ ദൈവവചനത്തിനനുസരിച്ച് ജീവിക്കുവാനും ക്രിസ്തു സമാനമായ സ്വഭാവം വളർത്തിയെടുക്കാനുമായി.

**ജൂൺ 07** ⇨ ലോകമെമ്പാടുമുള്ള ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നല്ല പ്രശസ്തിക്കും പ്രതിബദ്ധതക്കുമായി.

**ജൂൺ 08** ⇨ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും ഞങ്ങളുടെ ശുശ്രൂഷയെ നിലനിർത്തുന്ന ഞങ്ങളുടെ പിന്തുണക്കാരെയും അഭ്യുദയകാംക്ഷികളെയും സുഹൃത്തുക്കളെയും ദൈവം സമ്പൂർണ്ണമായി അനുഗ്രഹിക്കാനായി.

**ജൂൺ 09** ⇨ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുവാനായുള്ള പുതിയ ദർശനങ്ങൾക്കായി.

**ജൂൺ 10** ⇨ ആത്മീയവും ശാരീരികവുമായ ഭീഷണികളിൽനിന്ന് എല്ലാ സഭകളുടെയും സംരക്ഷണക്കായി.

**ജൂൺ 11** ⇨ എല്ലാ കുടുംബങ്ങളിലും ഐക്യവും സമാധാനവും ഉണ്ടാകുവാൻ.

**ജൂൺ 12** ⇨ ലോകമെമ്പാടുമുള്ള ടെലിവിഷൻ, യുട്യൂബ് പ്രാസംഗികരുടെ അഭിഷേകത്തിനും ദൈവീകമായ മാർഗ്ഗനിർദ്ദേശത്തിനും.

**ജൂൺ 13** ⇨ നമ്മുടെ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കുടുംബത്തിന്റെയും ആരോഗ്യത്തിനും ദൈവീക സംരക്ഷണയ്ക്കുമായി.

**ജൂൺ 14** ⇨ എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും പുരോഗതിക്കുമായി.

**ജൂൺ 15** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരുടെയും കുടുംബാംഗങ്ങളുടെയും ദൈവീക കരുണയ്ക്കായി.

**ജൂൺ 16** ⇨ നമ്മുടെ ജീവനക്കാരുടെയും കുടുംബങ്ങളുടെയും നല്ല ആരോഗ്യത്തിനും ക്ഷേമത്തിനുമായി.

**ജൂൺ 17** ⇨ ലോകമെമ്പാടുമുള്ള പ്രസിഡന്റുമാരും പ്രധാനമന്ത്രിമാരും, മറ്റു സർക്കാർ അധികാരികളും ജ്ഞാനത്തോടും സത്യസന്ധതയോടും നയിക്കുവാൻ.

**ജൂൺ 18** ⇨ വൈറൽ പനിക്കും മറ്റു പകർച്ചവ്യാധികൾക്കും എതിരായുള്ള ദൈവീക സംരക്ഷണത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

സ്നേഹം നമ്മുടെ എല്ലാ കുറവുകളെയും മൂടുകയും മറയ്ക്കുകയും ചെയ്യുന്നു. സ്നേഹം നമുക്ക് പരസ്പരം ആവശ്യമായതാണ്. ഇംഗ്ലീഷിൽ മനോഹരമായ ഒരു ചൊല്ലുണ്ട്: "വേഗത്തിൽ നടക്കണമെങ്കിൽ നിങ്ങൾ ഒറ്റയ്ക്കു നടക്കുക. എന്നാൽ നിങ്ങൾക്കു വളരെ ദൂരം യാത്ര ചെയ്യണമെങ്കിൽ ആരോടെങ്കിലും ചേർന്നു നടക്കുക." എന്നാൽ, നിങ്ങൾ ആരുടെ കൂടെയാണ് നടക്കുന്നതെന്നും ആരുടെ കൂടെയാണ് കൂട്ടായ്മ ആചരിക്കുന്നതെന്നും നിങ്ങൾ ഓർമ്മിക്കുന്നത് നല്ലതായിരിക്കും. കാരണം, അവർ നിങ്ങളെ സ്വാധീനിക്കും. അതുകൊണ്ടാണ് അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ചില സഹവാസങ്ങൾ ഒഴിവാക്കാൻ ഒന്നാം സങ്കീർത്തനം നമ്മെ പഠിപ്പിക്കുന്നത്. ഐക്യം അനിവാര്യമാണെങ്കിൽകൂടിയും തെറ്റായ കൂട്ടുകെട്ട് ദുരന്തത്തിലേക്ക് നയിച്ചേക്കാം.

യേശുക്രിസ്തു ആഴത്തിലുള്ള ഒരു പ്രാർത്ഥന നടത്തി: **...നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരായിരിക്കേണ്ടതിന്നു തന്നെ** (യോഹന്നാൻ 17:23).

നഷ്ടപ്പെട്ട ഒരു ആടിനെ ഇടയൻ പിന്തുടരുന്നത് ദൈവത്തിന്റെ സമൂലമായ കരുണയുടെ ശക്തമായ ഉദാഹരണമാണെങ്കിലും, തൊണ്ണൂറ്റിഒൻപത് എണ്ണം പുനസ്ഥാപനത്തിൽ സന്തോഷിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു വലിയ സമൂഹത്തെ പ്രതിനിധീകരിക്കുന്നു. ഒരു അംഗം മടങ്ങിയെത്തുമ്പോഴുള്ള സന്തോഷം രക്ഷപ്പെട്ടവർക്കു മാത്രമല്ല, മുഴുവൻ ആട്ടിൻകൂട്ടത്തിനും ഉള്ളതാണ്. ദൈവം ഓരോ വ്യക്തിയെയും വിലമതിക്കുന്നുവെന്നും അവരുടെ വീണ്ടെടുക്കൽ സമൂഹത്തിന്റെ പൊതു പരിപാടിയാണെന്നും ഇത് നമ്മെ പഠിപ്പിക്കുന്നു. ഇത് മറ്റുള്ളവരെ ആട്ടിൻകൂട്ടത്തിലേക്കു ചേർക്കുവാനുള്ള ക്ഷണവുമാണ്.

## 2. ജാഗ്രതയുടെയും പുനഃസ്ഥാപനത്തിന്റെയും സജീവ ആഹ്വാനം!

തൊണ്ണൂറ്റിഒൻപതു പേരും ജാഗ്രതയോടെയും ശ്രദ്ധയോടെയും ആയിരിക്കണമെന്ന് ഇടയൻ ആഗ്രഹിക്കുന്നു. ആരെങ്കിലും അകന്നുപോകാൻ തുടങ്ങുമ്പോൾ തന്നെ ആദ്യം ശ്രദ്ധിക്കുകയും ആ വ്യക്തിയെ സൗമ്യമായി തിരികെ നയിക്കുകയും ചെയ്യേണ്ടത് അവരാണ്. തൊണ്ണൂറ്റിഒൻപതുപേരും വലിയ ഉത്തരവാദിത്തം വഹിക്കുന്നു, അല്ലെങ്കിൽ ഒരാളെ കാണാനില്ല എന്ന് ഇടയൻ എങ്ങനെ അറിയും? തീർച്ചയായും അവരിൽ ഒരാളെങ്കിലും അലാറം മുഴക്കുമായിരുന്നു. ഒരുപക്ഷേ അത് നഷ്ടപ്പെട്ടവന്റെ അമ്മയോ, സഹോദരനോ, സഹോദരിയോ, സുഹൃത്തോ, മുത്തശ്ശനോ, ഇണയോ ആകാം. അത് ഒരു മുതിർന്ന ആടായിരുന്നെങ്കിൽ, ഒരുപക്ഷേ ഇളയവർ ശ്രദ്ധിക്കുകയും ഇടയനെ അറിയിക്കുകയും ചെയ്യുമായിരുന്നു. ശേഷിക്കുന്ന തൊണ്ണൂറ്റിഒൻപതുപേരും ജാഗ്രതയുള്ളവരായിരിക്കണമെന്ന് യേശുക്രിസ്തു പ്രതീക്ഷിക്കുന്നു. തൊണ്ണൂറ്റിഒൻപതു പേരിൽ ഒരാളായി നിങ്ങൾ സ്വയം കരുതുന്നുവെങ്കിൽ നഷ്ടപ്പെട്ടവരോട് നിങ്ങൾക്ക് ഒരു കടമയുണ്ട്. നമ്മുടെ കുടുംബാംഗങ്ങളോടും, സുഹൃത്തുക്കളോടും, എല്ലാറ്റിനുമുപരി, നമ്മുടെ സഭാസമൂഹത്തോടും നാം ശ്രദ്ധാലുക്കളായിരിക്കണം. പലപ്പോഴും, നമ്മുടെ ചുറ്റുമുള്ളവർ അവരുടെ വിശ്വാസത്തിൽ സുരക്ഷിതരാണെന്ന് നാം അനുമാനിക്കുന്നു, എന്നാൽ തൊണ്ണൂറ്റിഒൻപതു പേരിൽ പോലും ചിലർ അലഞ്ഞുതിരിയുന്നുണ്ടാകും. ജാഗ്രത പാലിക്കുക.

**ദേശത്തിന്റെ നേരെ വാൾ വരുന്നതു കണ്ടിട്ടു അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുന്നു** (യെഹസ്ക്കേൽ 33:3).

അതുപോലെ, തൊണ്ണൂറ്റിഒൻപതിന്റെ പ്രതിബദ്ധത ആത്മീയ അലംഭാവം തടയാനും സമൂഹത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം ശക്തിപ്പെടുത്താനും സഹായിക്കുന്നു. ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥലങ്ങളിൽ നമ്മെ കാവൽക്കാരായി സ്ഥാപിച്ചിരിക്കുന്നു - നമുക്കു ജാഗ്രത പാലിക്കാം!

## 3. ആത്മസംതൃപ്തിക്കും സ്വയം നീതിക്കും എതിരായ മുന്നറിയിപ്പ്!

ചിലപ്പോൾ തൊണ്ണൂറ്റിഒൻപതിന്റെ ഭാഗമാകുകയും സുരക്ഷിതത്വവും സംരക്ഷണയും അനുഭവിക്കുകയും ചെയ്യുമ്പോൾ അത്, അലംഭാവത്തിലേക്കും സ്വയനീതിയുടെ മനോഭാവത്തിലേക്കും നയിച്ചേക്കാം. ഞാൻ ആടുകളുടെ കൂട്ടത്തിലാണ്. എന്നിൽനിന്നും പ്രതീക്ഷിക്കുന്നതു ഞാൻ ചെയ്യുന്നു, ഞാൻ ഇടയനെ പിന്തുടരുകയും അനുസരിക്കുകയും ചെയ്യുന്നു, ഞാൻ അലഞ്ഞുതിരിയുന്നവനെപ്പോലെയല്ല എന്നു നാം ചിന്തിച്ചേക്കാം. എന്നാൽ തൊണ്ണൂറ്റിഒൻപതിന്റെ സുരക്ഷിതത്വം ഒരു തെറ്റായ സുരക്ഷിതത്വബോധം സൃഷ്ടിച്ചേക്കാം. ആട്ടിൻകൂട്ടത്തിന്റെ ഭാകമാകുന്നത് ഒരാളെ ആത്മീയമായി പ്രതിരോധശേഷിയുള്ളവനോ സ്വയംപര്യാപ്തനോ ആക്കുന്നില്ല.

"എനിക്കു മാനസാന്തരം ആവശ്യമില്ല" എന്ന് വിശ്വസിക്കുന്ന നീതിമാന്മാരെ വെല്ലു

9-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS
അതിവേഗം അഡ്മിഷൻ നേടുവിൻ!
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ
ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യുക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

# ഉപേക്ഷിക്കരുത്! പിന്മാറരുത്!

**എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു** (എബ്രായർ 10:38,39).

എന്റെ ശുശ്രൂഷയുടെ ആദ്യനാളുകളിൽ, ആശ്രയത്തിനായി ഒരു മനുഷ്യരും ഇല്ലാത്തതിനാൽ, ഞാൻ താമസിച്ചിരുന്ന സ്ഥലത്ത് എന്റെ ചുറ്റുപാടും ഉള്ളവരിൽനിന്നും തന്നെ വലിയ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നു. ഉറക്കമില്ലാത്ത രാത്രികളും ഭയപ്പെടുത്തുന്ന പകലുകളും ഉണ്ടായപ്പോൾ ദൈവം എന്നെ യഥാർത്ഥമായി വിളിച്ചതാണോ അതോ, എന്റെ സ്വന്തം ഇഷ്ടപ്രകാരം ഇറങ്ങിത്തിരിച്ചതാണോ എന്ന് സംശയിച്ചുപോയി.

ഞാൻ പട്ടിണിയും ശാരീരിക ബുദ്ധിമുട്ടുകളും അനുഭവിച്ച സമയങ്ങളിലെല്ലാം ദൈവം നിശബ്ദനായിരുന്നു. ദൈവം എന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകിയില്ല. പല സന്ദർഭങ്ങളിലും ഞാൻ ഉപേക്ഷിക്കപ്പെട്ടതായി തോന്നിപ്പോയി. എന്നാൽ കാലം കടന്നുപോയപ്പോൾ അവന്റെ നിശബ്ദതപോലും ഒരു ഉത്തരമാണെന്ന് ഞാൻ മനസ്സിലാക്കി–ലോകത്തെയും അതിലെ ജനങ്ങളെയുംകുറിച്ച് എന്നെ പഠിപ്പിക്കുന്ന ഒരു പാഠം.

1979–ൽ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നതിന്റെ ഇടയിൽ എനിക്കു കടുത്ത എതിർപ്പു നേരിടേണ്ടിവന്നു. പ്രാർത്ഥനാ യോഗങ്ങൾ നടത്തിക്കൊണ്ടിരുന്ന വാടക കെട്ടിടത്തിന്റെ ഉടമസ്ഥയുടെ അടുക്കൽ വ്യാജആരോപണങ്ങളുമായി ചിലർ സമീപിക്കുകയും അവിടെ ഇനി ഇതുപോലെയുള്ള യോഗങ്ങൾ നടത്താതിരിക്കുവാൻ അവരെ ബോദ്ധ്യപ്പെടുത്തുന്നതിൽ വിജയിക്കുകയും ചെയ്തു.

മനസ്സു തകർന്ന ഞാൻ വീട്ടിലേക്കുമടങ്ങി, വാതിലുകൾ പൂട്ടി, അടുക്കളയിലെയും കുളിമുറിയിലെയും ഉൾപ്പെടെയുള്ള വെള്ളത്തിന്റെ എല്ലാ ടാപ്പുകളും തുറന്നിട്ടുകൊണ്ട് ഞാൻ കർത്താവിനോട് കഠിനമായി നിലവിളിച്ചു കരഞ്ഞു. ഒഴുകുന്ന വെള്ളത്തിന്റെ ശബ്ദം എന്റെ കരച്ചിൽ പുറംലോകത്തിൽനിന്നു മറച്ചു. എന്നിട്ടും, ദൈവം നിശബ്ദനായിരുന്നു.

എന്റെ ജീവിതത്തിന്റെ ഒരു വശത്ത് വെല്ലുവിളികളും ബുദ്ധിമുട്ടുകളും ഉള്ളപ്പോൾ, മറുവശത്ത്, എന്നെ ശുശ്രൂഷയിലേക്കു വിളിച്ച യജമാനൻ എന്നെ സഹായിക്കാൻ ഒന്നും ചെയ്യുന്നില്ല എന്ന തോന്നൽ ഉളവാക്കിക്കൊണ്ട് നിശ്ചലനായി നിൽക്കുന്ന അവസ്ഥയും. അതിനിടയിൽ എന്റെ എതിരാളികൾ കൂടുതൽ ശക്തരായി എന്നെ പരസ്യമായി പരിഹസിക്കുകയും ഞാൻ ജോലി ചെയ്തിരുന്ന സർക്കാർ ഓഫീസിൽ വന്ന് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ച് സഹപ്രവർത്തകരുടെ മുമ്പിൽ എന്നെ അപകീർത്തിപ്പെടുത്തുകയും ചെയ്തു.

അവർ എന്നോടു ചെയ്ത ദ്രോഹത്തിൽ ഞാൻ വളരെയധികം അസ്വസ്ഥനും പ്രകോപിതനും ഭയമുള്ളവനും തളർന്നുപോയവനുമായി. ആ ദിവസം ഞാൻ നിരാശയോടെ നിലവിളിച്ചു:

"യിസ്രായേലിന്റെ കർത്താവേ, അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, എനിക്ക് അങ്ങയുടെ മൗനം സഹിക്കാൻ കഴിയുന്നില്ല, നീ എനിക്കുവേണ്ടി പ്രവർത്തിക്കുന്നില്ലെങ്കിൽ നീ മറ്റു ആരെ സഹായിക്കും? എന്നെ സംരക്ഷിക്കാൻ നീ വിസമ്മതിച്ചാൽ ഞാൻ സഹായത്തിനായി എങ്ങോട്ടു നോക്കും?"

എന്നിട്ടും, മറുപടിയോ മാർഗ്ഗനിർദ്ദേശമോ പ്രചോദനമോ ഇല്ലാതെ നിശബ്ദമായ അവസ്ഥയിൽ ഞന്റെ ആത്മാവ് പൂർണ്ണമായും അസ്വസ്ഥമായി. നിരാശയോടെ അന്നു രാത്രിയിൽതന്നെ സാധനങ്ങളെല്ലാം പായ്ക്കുചെയ്ത് ജന്മനാട്ടിലേക്കു മടങ്ങാൻ തയ്യാറെടുത്തു.

**...നശിപ്പിക്കുന്ന വാൾ പേടിച്ചു ഓരോരുത്തൻ സ്വജനത്തിന്റെ അടുക്കൽ മടങ്ങിപ്പോകയും സ്വദേശത്തേക്കു ഓടിപ്പോകയും ചെയ്യും** (യിരെമ്യാവ് 50:16).

പുലർച്ചെ കൃത്യം 2.00 മണിക്ക്, ആരോ എന്റെ വാതിലിൽ മുട്ടുന്നതു ഞാൻ കേട്ടു. നിസ്സഹായതയോടെയും പരിഭ്രാന്തിയോടെയും വിറെക്കുന്ന കരങ്ങളാൽ ഞാൻ വാതിൽ തുറന്നപ്പോൾ തോളിൽ ഒരു ബാഗും ഭക്ഷണപ്പൊതിയുമായി വെളുത്ത താടിയുള്ള ഒരു വൃദ്ധനെ കണ്ടു.

"നിങ്ങൾ ആരാണ്? ഈ സമയം നിങ്ങൾ ഇവിടെ വന്നത് എന്തിനാണ്?" ദൈവം എന്റെ പ്രാർത്ഥന കേൾക്കാത്തതിനാൽ ഞാൻ എന്റെ ജന്മനാട്ടിലേക്ക് പോകാൻ തുടങ്ങുകയായിരുന്നു എന്നും ഞാൻ പറഞ്ഞു. ഈ വൈകിയ സമയം ഞാൻ ഇവിടെ നിൽക്കുന്നതു കണ്ടാൽ അയൽക്കാർ തെറ്റായി വ്യാഖ്യാനിച്ചേക്കുമെന്നു പറഞ്ഞ് വീട്ടിനകത്തേക്കു കയറാൻ അദ്ദേഹം അനുവാദം ചോദിച്ചു. മനസ്സില്ലാമനസ്സോടെ ഞാൻ അദ്ദേത്തെ അകത്തേക്കു ക്ഷണിച്ചു.

"എന്റെ മകനേ, സാമേ, ഞാൻ നിന്റെ സുഹൃത്തായ ജെ.എസ്. ഡാനിയേലാണ്. നമ്മൾ തമ്മിൽ കണ്ടിട്ട് വളരെക്കാലമായതിനാൽ നീ എന്നെ മറന്നതായിരിക്കാം. നഗരത്തിലെ എന്റെ ശുശ്രൂഷ കഴിഞ്ഞ് ഗ്രാമത്തിലേക്ക് മടങ്ങാൻ നോക്കിയപ്പോൾ അവസാന ബസ്സ് കിട്ടിയില്ല. ടാക്സി വാടകയ്ക്കെടുക്കാൻ എന്റെ പക്കൽ പണമില്ല, രാത്രി തങ്ങാൻ വേറെ സ്ഥലവുമില്ല. അങ്ങനെ ഞാൻ ചെന്നൈയിലെ മൗണ്ട് റോഡിലൂടെ നടന്നപ്പോൾ, നിന്നെ കണ്ടു പിടിക്കാൻ ദൈവം നിർദ്ദേശിച്ചു. നീ ഈ സ്ഥലം വിട്ടുപോകരുത്. നിന്നെ വിളിച്ച

ദൈവം നിശബ്ദനാണെന്നു കരുതരുത്. അവൻ നിന്നെ മികച്ച ഒരു നാളേക്കുവേണ്ടി ഒരുക്കുകയാണ്. നിന്റെ ജീവിതത്തിൽ മഹത്തായതു നേടാനായി നിന്റെ മൂർച്ച കൂട്ടുകയാണ്. നീ വിശ്വസിക്കുന്നതു പോലെ അവൻ നിശബ്ദനല്ല. **...യെരുശലേമിൽനിന്ന് യഹോവയുടെ വചനം പുറപ്പെടും** (യെശയ്യാവ് 2:3; മീഖാ 4:2). ഈ നഗരം നിന്റെ യെരുശലേമാണ്. അതു വിട്ടു നീ പോകരുത്." എന്നു പറഞ്ഞു.

അദ്ദേഹത്തെ അനുസരിക്കുകയല്ലാതെ എനിക്കു വേറെ മാർഗമില്ലായിരുന്നു. കർത്താവിന്റെ സ്നേഹം അനുഭവിക്കുവാനും, എളിയവനായ എന്റെ ജീവിതത്തിൽ അവൻ ചെയ്യുന്ന അത്ഭുതങ്ങൾക്കു സാക്ഷ്യം വഹിക്കുവാനും എനിക്കു സാധിച്ചു. ഞാൻ പാസ്റ്റർ ദാനിയേലിനോടും കർത്താവായ യേശുക്രിസ്തുവിനോടും ക്ഷമ ചോദിച്ചു. എന്റെ ശുശ്രൂഷ തുടരുകയും ദൈവം എന്നെ അനുഗ്രഹിക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്കുശേഷം ദൈവം എന്നെ മറ്റൊരു സ്ഥലത്തേക്ക് നയിക്കുകയും അവിടെ ഞാൻ വിജയകരമായി ശുശ്രൂഷ ചെയ്യുകയും ചെയ്തു.

പ്രീയ സുഹൃത്തേ, നിന്നെ വിളിച്ച കർത്താവ് നിങ്ങളെ മറന്നുവെന്ന് കരുതുന്നുണ്ടോ? നിങ്ങളുടെ വളർച്ച വളരെ മന്ദഗതിയിലായതിനാൽ നിങ്ങൾ ചെയ്യുന്ന തൊഴിൽ മാറ്റുകയോ മറ്റൊരു സ്ഥലത്തേക്ക് മാറുകയോ ചെയ്യുന്നത് നല്ലതാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അങ്ങനെ നിങ്ങൾ വിശ്വസിക്കരുത്. നിങ്ങളെ വിളിച്ച കർത്താവ് വിശ്വസ്തനാണ്. നിങ്ങൾക്ക് എന്തു നഷ്ടപ്പെട്ടാലും ഭാവി നഷ്ടപ്പെട്ടിട്ടില്ലല്ലോ. ഒരു അത്ഭുതത്തിനായി ദൈവത്തിൽ വിശ്വസിക്കുക. നിങ്ങളുടെ ജീവിതത്തിൽ നല്ലതായിട്ടുള്ളത് സംഭവിക്കുക തന്നെ ചെയ്യും. **യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വെക്കുക** (സങ്കീർത്തനങ്ങൾ 27:14).

*6-ാം പേജിന്റെ തുടർച്ച...*

വിളിക്കുന്ന ഈ ഉപമ, സുരക്ഷിതരായി കാണപ്പെടുന്നവർക്കും അല്ലാത്തവർക്കും ദൈവത്തിന്റെ കൃപ ലഭ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു. **ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു** (റോമർ 3:23). ഈ രീതിയിൽ, തൊണ്ണൂറ്റിഒൻപത് ആത്മസന്തോഷത്തിന്റെയോ അഹങ്കാരത്തിന്റെയോ അടയാളങ്ങൾക്കായി സ്വന്തം ഹൃദയങ്ങളെ പരിശോധിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

**ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ** (1കൊരിന്ത്യർ 10:12).

പ്രീയ സുഹൃത്തുക്കളെ,

കാണാതായതിനെ അന്വേഷിക്കുന്ന ഇടയനെ ഞാൻ ആഴമായി ആരാധിക്കുമ്പോൾതന്നെ, തൊണ്ണൂറ്റിഒൻപതു പേരിലുള്ള അവന്റെ വിശ്വാസത്തിനും ഞാൻ തുല്യമായി നന്ദിയുള്ളവളാണ്. അവർ സുരക്ഷിതരാണെങ്കിലും, തെറ്റായ സുരക്ഷിതത്വബോധത്തിലേക്ക് വീഴരുതെന്ന് യേശുക്രിസ്തു അവരെ പ്രേരിപ്പിക്കുന്നു. ആട്ടിൻകൂട്ടത്തിൽ അവരുടെ സ്ഥാനം ഒരു സമ്മാനമാണെന്ന് അവർ തിരിച്ചറിയണം - അതു സംരക്ഷിക്കാൻ താഴ്മയും തുടർച്ചയായ മാനസാന്തരവും ആവശ്യമാണ്. വിശ്വസ്തർക്കുപോലും തുടർച്ചയായ പുതുക്കലും ദൈവകൃപയിലുള്ള ആശ്രയത്വവും ആവശ്യമുള്ളാണെന്ന് ഒരു ജീവനുള്ള ഓർമ്മപ്പെടുത്തലായി വർത്തിക്കുക എന്നതാണ് അവരുടെ പങ്ക്.

തൊണ്ണൂറ്റിഒൻപതുപേരും ഒരുവനുവേണ്ടി പ്രാർത്ഥിക്കണം.

**URGENT NEED for CHRISTIAN OFFICE**

**1. COMPUTER OPERATORS**

**2. PRINTING PRESS OPERATORS**

**Contact : (+91) 98412 71858, E.mail : sam@echoofhiscall.org**

**NOTICE**

Please store the Mobile Phone numbers (+91) 98410 71858, (+91) 98412 71858 of Pastor S. Sam Selva Raj on your mobile phones.

- Editor

## വിളിയുടെ പ്രതിധ്വനി YouTube ദൈനംദിന സന്ദേശ പ്രതികരണങ്ങൾ!

LIKE COMMENT



*ബ്ര. ശശി തിവാരി*



*സിസ്റ്റർ. മേരി സൂസൻ*

(i) **ബ്ര. സ്റ്റീഫൻ രമണ, സൗത്ത് ആഫ്രിക്ക**

ഇന്നു രാവിലത്തേത് എത്ര ശക്തമായ സന്ദേശമാണ്, ഞാൻ ശരിക്കും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

(ii) **ബ്ര. ശശി തിവാരി, മുംബൈ**

പ്രോത്സാഹിപ്പിക്കുന്ന സന്ദേശത്തിനായി നന്ദി. സന്ദേശത്തിനായും വ്യാഖ്യാതാവിനായും ദിവസവും പ്രാർത്ഥിക്കുന്നു.

(iii) **ബ്ര. ഷാവുൽ ബെഞ്ചമിൻ ഷിന്റെ, പാൽഘാർ**

കർത്താവിനു സ്തുതി. യുട്യൂബിലൂടെ ശ്രവിക്കുന്ന നിങ്ങളുടെ സന്ദേശങ്ങളിലൂടെ ദൈവം എന്നെ അനുഗ്രഹിക്കുന്നു. ദൈവത്തിനു നന്ദി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(iv) **സിസ്റ്റർ. മേരി സൂസൻ, വിശാഖപട്ടണം**

രാവിലത്തെ യുട്യൂബ് സന്ദേശത്തിനു നന്ദി. ഞാൻ ശരിക്കും അനുഗ്രഹിക്കപ്പെട്ടു.



*ബ്ര. സ്റ്റീഫൻ രമണ*



*ബ്ര.ഷാവുൽ ബെഞ്ചമിൻ ഷിന്റെ*

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
**Please subscribe**

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | **Triplicane, Chennai-5** |
| Name | : | **S. Sam Selva Raj** |
| A/C No. | : | **1023 2934 679** |
| IFSC | : | **SBIN 00 00 249** |
| SWIFT CODE | : | **SBI NIN BB 455** |

### *2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | **Anna Salai, Chennai-6** |
| Name | : | **Echo of His Call** |
| A/C No. | : | **6038 0502 2319** |
| IFSC | : | **ICIC 000 6038** |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | **Triplicane, Chennai-5** |
| Name | : | **Echo of His Call Educational Trust** |
| A/C No. | : | **1023 2923 805** |
| IFSC | : | **SBIN 00 00 249** |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"
on 5th MAY 2025.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766


*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**